**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311** **07-10-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ ഡ്രൈവർ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിൽ ഡ്രൈവർമാരുടെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചതെന്നാണ്; അതിൻപ്രകാരം എത്ര ഡ്രൈവർമാരുടെ തസ്തികകളാണ് നിലവിലുള്ളത്; ഇത് അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | 19/08/2019 ലെ സ.ഉ.(കൈ) നം 46/2019/നി.വ പ്രകാരം എക്സൈസ് വകുപ്പിൽ എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കുകയും, എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് 3 ഡ്രൈവർ തസ്തിക അനുവദിക്കുകയുമുണ്ടായി. എക്സൈസ് വകുപ്പിൽ 277 ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്. എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി നിരവധി ശുപാർശകൾ എക്സൈസ് കമ്മീഷണർ സമർപ്പിക്കുകയും ആയവ പരിശോധിച്ച് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കൂടുതൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുവാൻ കഴിയുകയില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു. ഏറ്റവും അവസാനമായി 27 ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിശോധിച്ച് നിലവിലെ സാഹചര്യത്തിൽ കൂടുതൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുവാൻ കഴിയുകയില്ല എന്ന് 28.09.2024 തീയതിയിലെ നികുതി-എഫ്1/200/2022/നികുതി കത്ത് മുഖേന എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | എക്സൈസ് വകുപ്പിൽ നിലവിൽ എത്ര വാഹനങ്ങളാണുള്ളത്; ഔദ്യോഗിക ഡ്രൈവർ തസ്തികയിലല്ലാത്ത ജീവനക്കാരെ വാഹനങ്ങൾ ഓടിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ ഉത്തരവുകൾ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | എക്സൈസ് വകുപ്പിൽ ആകെ 868 വാഹനങ്ങളാണുള്ളത് (469 നാല് ചക്ര വാഹനങ്ങൾ, 399 ഇരുചക്ര വാഹനങ്ങൾ, 6 ബസ്). വകുപ്പിലെ ഡ്രൈവർ തസ്തിക വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം Executive തസ്തികയാണെന്നും, Civil Excise Officer മാരുടെ training module ൽ ഡ്രൈവിങ്ങ് പരിശീലനം നിർബന്ധിത ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വകുപ്പിൽ ആവശ്യത്തിന് ഡ്രൈവർ തസ്തിക ഇല്ലാത്ത പക്ഷം Executive തസ്തികകളിൽ ഉള്ള ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് 07/11/2019 |

| | | | |
|---|---|---|---|
| | | | ലെ-എഫ്3/158/2019-നി.വ നമ്പർ കത്ത്, 05/07/2020 ലെ -എഫ്1/9/2019 -നി.വ നമ്പർ കത്ത് എന്നിവ പ്രകാരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |
| (സി) | എക്സൈസ് വകുപ്പിൽ ഡ്രൈവറായി നിയമനം ലഭിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ എന്തൊക്കെയെന്നും ഇവർ നിർവഹിക്കേണ്ട ജോലികൾ എന്തൊക്കെയെന്നും വിശദമാക്കുമോ; ഡ്രൈവർമാരുടെ അഭാവത്തിൽ പകരം ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് മേൽപ്പറഞ്ഞ യോഗ്യതകളുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | എക്സൈസ് ഡ്രൈവർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി യും, 3 വർഷത്തിൽ കുറയാത്ത ബാഡ്ജോടു കൂടിയ ഹെവി ഡ്രൈവിംഗ് ലൈസൻസും, ശാരീരിക ക്ഷമത ടെസ്റ്റും, ഡ്രൈവിംഗ് ടെസ്റ്റും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ആവശ്യമാണ്. എക്സൈസ് വകുപ്പിലെ സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ ജോലി സ്വഭാവം സംബന്ധിച്ച് വകുപ്പിന്റെ ദൈനംദിന പ്രവർത്തന മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>1. വാഹനം വൃത്തിയായും വെടിപ്പായും സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.<br><br>2. വാഹനങ്ങൾ സമയബന്ധിതമായി സർവ്വീസുകളും മറ്റ് അറ്റകുറ്റപ്പണികളും നടത്തുക.<br><br>3. വാഹന സംബന്ധമായ റിക്കോർഡുകളുടെ കാലാവധി സമയാസമയങ്ങളിൽ പുതുക്കുക.<br><br>4. ഡ്രൈവിംഗ് ലൈസൻസ് സമയബന്ധിതമായി പുതുക്കി സൂക്ഷിക്കുക.<br><br>5. വാഹനങ്ങളുടെ ലോഗ് ബുക്ക്, വെഹിക്കിൾ ഹിസ്റ്ററി ബുക്ക് എന്നിവ യഥാസമയം കൃത്യമായി എഴുതി സൂക്ഷിക്കുക.<br><br>6. വാഹനസംബന്ധമായ വിവരങ്ങൾ സമയബന്ധിതമായി ഇ-ഫ്ളീറ്റിൽ അപ് ലോഡ് ചെയ്യുക.<br><br>7. അബ്കാരി/ എൻ.ഡി.പി.എസ്/ കോട്പ - നിയമങ്ങൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിവരശേഖരണത്തിലും, കേസ് കണ്ടെത്തുന്നതിലും മറ്റ് ഉദ്യോഗസ്ഥരെ സഹായിക്കുക. |
| (ഡി) | എക്സൈസ് വകുപ്പിൽ ഡ്രൈവർമാരുടെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കാമോ? | (ഡി) | എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി നിരവധി ശുപാർശകൾ എക്സൈസ് കമ്മീഷണർ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കൂടുതൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുവാൻ കഴിയുകയില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. അവസാനമായി 27 ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | നിലവിലെ സാഹചര്യത്തിൽ കൂടുതൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുവാൻ കഴിയുകയില്ല എന്ന് 28.09.2024 തീയതിയിലെ നികുതി-എഫ്1/200/2022/നികുതി കത്ത് മുഖേന എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ